**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1224** **27-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്ക് ഒന്നാകെ അനുവദിക്കുന്ന സർക്കാരിന്റെ അവധി ദിനങ്ങളിൽ പലതും സ്ഥാപനം നഷ്ടത്തിലാണെന്നതിന്റെ പേരിൽ വെട്ടിച്ചുരുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി നഷ്ടത്തിലാണ് എന്ന കാരണത്താൽ ജീവനക്കാർക്ക് നൽകേണ്ടുന്ന നിയമപരമായ അവധികൾ വെട്ടിക്കുറച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അവധി അംഗീകൃത trade union-കളുമായി ചർച്ച ചെയ്തു ഒപ്പിടുന്ന ദീർഘകാല കരാറിലൂടെയാണ് തീരുമാനിക്കുന്നത്. |
| (ബി) | എങ്കിൽ കെ.എസ്.ആർ.ടി.സി.യിൽ രണ്ടാം ശനിയാഴ്ച പൊതു അവധിയായി നിലനിർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | മിനിസ്റ്റീരിയൽ വിഭാഗത്തിന് രണ്ടാം ശനിയാഴ്ച പൊതു അവധിയായി നിലനിർത്തിയിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി.യിൽ രണ്ടാം ശനിയാഴ്ച പൊതു അവധിയാക്കി നൽകുകയാണെങ്കിൽ സ്ഥാപനത്തിലെ കടുത്ത ജോലി നോക്കുന്ന ഇൻകം ഏണിംഗ് വിഭാഗത്തിന് കൂടി ആയതു ബാധകമാക്കാൻ നടപടി സ്വീകരിച്ച് നീതി നടപ്പാക്കുമോ; | (സി) | ജീവനക്കാരുടെ ജോലിയുടെ സ്വഭാവം പരിഗണിച്ചാണ് അവധികൾ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. കണ്ടക്ടർ/ഡ്രൈവർ ജീവനക്കാർക്ക് അവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ് ഇൻസെന്റീവ് ബാറ്റ, കളക്ഷൻ ബാറ്റ, കിലോമീറ്റർ പെർ ലിറ്റർ അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു. |
| (ഡി) | ഇല്ലെങ്കിൽ ഈ അവധി നൽകുന്നതിൽ നിന്ന് ഇതേ സ്ഥാപനത്തിലെ പ്രസ്തുത വിഭാഗത്തിനെ ഒഴിവാക്കുന്നതിന്റെ കാരണം എന്താണെന്ന് അറിയിക്കുമോ; | (ഡി) | ജീവനക്കാരുടെ ജോലിയുടെ സ്വഭാവം പരിഗണിച്ചാണ് അവധികൾ ക്രമീകരിക്കപ്പെട്ടിട്ടുള്ളത്. കണ്ടക്ടർ/ഡ്രൈവർ ജീവനക്കാർക്ക് അവരുടെ ജോലികൾക്ക് അനുസൃതമായി കിലോമീറ്റർ അലവൻസ് ഇൻസെന്റീവ് ബാറ്റ, കളക്ഷൻ ബാറ്റ, കിലോമീറ്റർ പെർ ലിറ്റർ അലവൻസ്, ലേ ഓവർ അലവൻസ് മുതലായ വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു. |
| (ഇ) | സർക്കാരിന്റെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും കാഠിന്യമുള്ള പണി എടുക്കുന്ന വിഭാഗത്തെ ഇത്തരം ആനുകൂല്യങ്ങളിൽ നിന്ന് ഒഴിവാക്കുന്നില്ലെന്ന വസ്തുത ഗൗരവമായി പരിശോധിക്കുമോ; | (ഇ) | സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതോ ടൊപ്പം ജീവനക്കാർക്ക് നിയമപരമായി ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ / അവധികൾ അനുവദിക്കുന്നതിന് കോർപ്പറേഷൻ ബാധ്യസ്ഥമാണ്. ആയതിനാൽ ചെയ്യുന്ന സേവനങ്ങൾക്ക് അനുസൃതമായ |

| | | | |
|---|---|---|---|
| | | | അവധികൾ, ആനുകൂല്യങ്ങൾ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് നല്കപ്പെടുന്നതിനാൽ രണ്ടാം ശനി അവധി ടി വിഭാഗം ജീവനക്കാർക്ക് അനുവദിക്കാൻ നിർവ്വാഹമില്ല. |
| (എഫ്) | ഇല്ലെങ്കിൽ പ്രസ്തുത അവധി ഇത്തരക്കാർക്ക് നൽകുന്നത് ഒഴിവാക്കണമെന്നുണ്ടെങ്കിൽ സ്ഥാപനത്തിന് ഒന്നാകെ രണ്ടാം ശനിയാഴ്ചയുള്ള അവധി നീക്കം ചെയ്യുന്നതിനെക്കുറിച്ച് ആലോചിക്കുമോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ? | (എഫ്) | രണ്ടാം ശനിയാഴ്ച മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് അവധി ആയി അനുവദിക്കുന്നത് വഴി കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ